## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T2975 — 17.10.2016 -ൽ മറുപടിക്ക്

### സിനിമാശാലകളോട് ചേർന്ന് പ്രവർത്തിക്കുന്ന വിൽപ്പന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സിനിമാ തിയേറ്ററുകളുടെ കോമ്പൗണ്ടിൽ പ്രവർത്തിച്ചു വരുന്ന കഫറ്റേരിയ, സ്നാക്ക്സ് ഷോപ്പുകൾ, ചെറുകിട വിൽപ്പന ശാലകൾ എന്നിവിടങ്ങളിൽ വിൽക്കുന്ന സാധനങ്ങൾക്ക് പരമാവധി ചില്ലറ വില (MRP)യേക്കാൾ കൂടുതൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത്തരത്തിൽ കൂടുതൽ വില ഈടാക്കിയതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പേരുൾപ്പെടെ വിശദമാക്കുമോ; | (ബി) 5 തീയറ്ററുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തീയറ്ററുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. പത്മം തീയ്യേറ്റർ, മലപ്പുറം<br>2. വിസ്മയ തീയ്യേറ്റർ, പെരുന്തൽമണ്ണ<br>3. ക്രൗൺ തീയ്യേറ്റർ, കോഴിക്കോട്<br>4. പി.വി.എസ്.ഫിലിം സിറ്റി, കോഴിക്കോട്<br>5. വിനായക തീയ്യേറ്റർ കോംപ്ലക്സ്, കാഞ്ഞങ്ങാട് |
| (സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് സാധാരണ നിരക്കിൽ നിന്നും കൂടിയ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നതിന് എന്തെങ്കിലും പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) പ്രത്യേകാനുമതി ആർക്കും നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ